## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : *89** | **27/04/2017 ൽ മറുപടിയ്ക്ക്**

### കശുമാവ് കൃഷി വികസനത്തിന് നടപടി

**ചോദ്യം**

ശ്രീ.അനൂപ് ജേക്കബ്
ശ്രീ.എൽദോസ് കുന്നപ്പിള്ളി
ശ്രീ.സണ്ണി ജോസഫ്
ശ്രീ.അനിൽ അക്കര

**ഉത്തരം**

ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ
( മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് കശുമാവ് കൃഷി വികസനത്തിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; വിശദമാക്കുമോ; | (എ) കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 4250 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ ന്യൂ ഗാർഡൻ സ്കീമിൽ 2000 ഹെക്ടർ (4 ലക്ഷം ഗ്രാഫ്റ്റ്) പൊതുമേഖലയിലും മറ്റും തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി വ്യാപനത്തിനായി 1000 ഹെക്ടർ (2 ലക്ഷം) തൈകൾ, 'മുറ്റത്തൊരു കശുമാവ്' കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവ വഴി സ്കൂളുകളുടേയും കോളേജുകളുടേയും സ്ഥലങ്ങൾ ഉൾപ്പെടുത്തി 1250 ഹെക്ടർ (2.5 ലക്ഷം) തൈകൾ വിതരണം ചെയ്തു വരുന്നു. കേരളത്തിലെ സ്ഥല ദൗർലഭ്യം പരിഗണിച്ച് ഇതര സംസ്ഥാനങ്ങളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി കശുമാവ് കൃഷി നടത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. കേരളത്തിൽ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി വ്യാപിപ്പിക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്ന കാര്യം ഇതിനകം തന്നെ അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള (എ.പി.കെ)യുമായി ചർച്ച നടത്തിയിട്ടുണ്ട്. അവരിൽ നിന്നും |

| | | | |
|---|---|---|---|
| | | | പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന കശുമാവ് കൃഷി ഏജൻസിയുമായി ചേർന്ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br>സംസ്ഥാന കശുമാവ് കൃഷി ഏജൻസി നിലമൊരുക്കുന്നതിന് സാമ്പത്തിക സഹായവും സൗജന്യമായി കശുമാവ് ചെടിയും അവ പരിപാലിക്കുന്നതിന് സാമ്പത്തിക സഹായവും നൽകി വരുന്നു.<br>കശുവണ്ടി വികസന കോർപ്പറേഷൻ അവരുടെ വിവിധ ഫാക്ടറികളിലും മറ്റ് തരിശു ഭൂമികളിലും കശുമാവ് കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കോർപ്പറേഷന്റെ നഴ്സറിയിൽ ഉല്പാദിപ്പിക്കുന്ന അത്യുല്പാദന ശേഷിയുള്ള കശുമാവ് തൈകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്തു വരുന്നുണ്ട്. |
| (ബി) | കശുമാവ് കൃഷിക്കായി സംസ്ഥാനത്തിനകത്തും പുറത്തും സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിവരിക്കുമോ ; | (ബി) & (സി) | തോട്ടണ്ടിയുടെ ആഭ്യന്തര ദൗർലഭ്യം വ്യവസായത്തെ രൂക്ഷമായി ബാധിച്ച അവസ്ഥയിൽ, സംസ്ഥാനത്തിനകത്തും പുറത്തും സ്ഥലം കണ്ടെത്തി കശുമാവ് തോട്ടം വികസിപ്പിച്ച് ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ ആന്ധ്രപ്രദേശിൽ നിന്ന് സ്ഥലം പാട്ടത്തിന് എടുക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. കൃഷി ആരംഭിച്ചിട്ടില്ല. |
| (സി) | എവിടെയൊക്കെ എത്ര ഹെക്ടർ സ്ഥലത്താണ് ഇപ്രകാരം കൃഷി ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ